# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 02/2022
# 06.04.2022 എ.കെ.ജി.സി.ടി. ഭവൻ

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിങ്
3. ജില്ലാറിപ്പോർട്ടിങ്
4. സംസ്ഥാന സമ്മേളന വിശകലനം
5. വിവിധ കമ്മിറ്റികളുടെ രൂപീകരണം
6. മറ്റു വിഷയങ്ങൾ

**ഹാജർ**

ഡോ. പി. പി. പ്രകാശൻ, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. എൻ. മനോജ്, ഡോ. ഗീത നമ്പിയാർ എം. കെ., ഡോ. പ്രദീപ് കുമാർ കെ., ഡോ. ആനന്ദ് ടി. എ., സോബിൻ വർഗീസ് എം. വി., ഡോ. ദിനേശ് പി. കെ., ഡോ. രാജേഷ്കുമാർ പി., ഡോ. റോസ്നികസ് പി. കെ., ഡോ. സുനിത ഗണേഷ്, ഡോ. ആൽബർട്ട് ആന്റണി ടി., ഡോ. സുശാന്ത് പി., ഡോ. വിനു ഭാസ്ക്കർ, രഘുദാസ് പി. വി., ഡോ. സുനിൽ വി. ടി., ആസിഫ് ഇക്ബാൽ കാക്കശ്ശേരി, സജിത്ത് കുമാർ പി., ഡോ. റിജുലാൽ ജി., രജിത സി. ആർ., സന്തോഷ് ടി. വർഗീസ്, ഡോ. എ. ബാലകൃഷ്ണൻ, ഡോ. ബി. അശോക്, ഡോ. മാണിക്യരാജ് കെ., ഡോ. രഞ്ജിത് മോഹൻ, ഡോ. ഷജില ബീവി എസ്., ഗായത്രി ദേവി. ജി., ഡോ. എം. എ. അസ്കർ, ഡോ. പ്രിൻസ് പി. ആർ., ഡോ. സുജ ടി.വി., സൗമ്യ എസ്., ഡോ. വിഷ്ണു വി.എസ്., ഡോ. സി.പി. ബേബി ഷീബ, ഡോ. ആർ പ്രഗാഷ്., ഡോ. അനൂപ് ജെ. ആലക്കപ്പള്ളി, ഡോ. സുമി ജോയി ഒലിയപ്പുറം, ഡോ. ആനന്ദ് ദിലീപ് രാജ്,

രാവിലെ 10.00ന് എ.കെ.ജി.സി.ടി. ഭവനിൽ ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡണ്ട് ഡോ. പി. പി. പ്രകാശൻ ആധ്യക്ഷ്യം വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ് റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാനട്രഷറർ ഡോ. ഡോ. എൻ. മനോജ് അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

സിപിഐ(എം) കേന്ദ്രകമ്മിറ്റി അംഗവും ലോക്സഭാംഗവുമായിരുന്ന മല്ലു സ്വരാജ്യം,മാർക്സിസ്റ്റ് ചിന്തകൻ ഐജാസ് അഹമ്മദ്, മുസ്ലിം ലീഗ് സംസ്ഥാന അധ്യക്ഷൻ പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ, കോൺഗ്രസ് നേതാവും മുൻ എം. പി.യുമായിരുന്ന തലക്കുന്നിൽ ബഷീർ, ക്രിക്കറ്റ് താരം ഷെയ്ൻ വോൺ, പ്രശസ്ത ചലച്ചിത്ര-നാടക നടൻ കൈനകരി തങ്കരാജ് തുടങ്ങിയവരുടെ നിര്യാണത്തിൽ കമ്മിറ്റി അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ, മാർച്ച് 19, 20, തീയതികളിൽ നമ്മുടെ സംസ്ഥാന സമ്മേളനം മികച്ച രീതിയിൽ നടത്തുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള വിശദമായ അവലോകനം ഈ യോഗത്തിൽ ഉണ്ടാവുന്നതാണ്. മാർച്ച് 28, 29, തീയതികളിൽ നടന്ന ദേശീയ പണിമുടക്കിൽ എ.കെ.ജി.സി.ടി. അംഗങ്ങൾ ഏതാണ്ട്

പൂർണമായി പണിമുടക്കിനോട് സഹകരിച്ചിട്ടുണ്ട്. ഇത് സംഘടനയെ സംബന്ധിച്ച് ഏറെ അഭിമാനകരമാണ്. ഏറെ നാളുകളായി തീരുമാനമാകാതെ ഇരുന്ന 12 അധ്യാപകരുടെ അസ്സോസിയേറ്റ് പ്രൊഫസർ പ്ലെയിസ്മെന്റിൽ 8 പേരുടെ ഉത്തരവിറങ്ങുകയും ബാക്കി 4 പേർക്ക് വീണ്ടും അപേക്ഷ നല്കാൻ അനുമതി ലഭിച്ചിട്ടുമുണ്ട്. സിംഗിൾ ഫാക്കൽറ്റി വിഷയങ്ങളിൽ വർക് ലോഡ് കണക്കാക്കുന്നതുമായി ബന്ധപെട്ട് സംഘടന നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരുന്ന വിദഗ്ദ സമിതിയുടെ രൂപീകരണം സംബന്ധിച്ചുള്ള തീരുമാനം ആയിട്ടുണ്ട്. എത്രയും വേഗം സമിതിയെ നിയമിച്ചുകൊണ്ട് ഉത്തരവിറങ്ങുന്നതാണ്. 2022-23 വർഷത്തെ പൊതുസ്ഥലംമാറ്റം ക്ഷണിച്ചുകൊണ്ടുള്ള സർക്കുലർ കോളേജ് വിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്. എത്രയും വേഗം അതിന്റെ നടപടിക്രമങ്ങൾ ആരംഭിക്കും. ഏപ്രിൽ, മെയ് മാസങ്ങളിൽ കോളേജ്അധ്യാപകർക്ക് വെക്കേഷൻ ലഭിക്കുന്നതിന് വേണ്ടി എല്ലാ സർവകലാശാലകളെ കൊണ്ടും സമയബന്ധിതമായി ഉത്തരവിറക്കിക്കാൻ വേണ്ട സംഘടനാ ഇടപെടൽ നടത്താൻ നമുക്ക് സാധിച്ചു. വെക്കേഷൻ കാലത്തേ ഗസ്റ്റ് അധ്യാപകരുടെ നിയമനവും അവരുടെ ശമ്പളവുമായി ബന്ധപ്പെട്ട കാര്യത്തിലും സംഘടനയിടപെട്ട് അനുകൂല തീരുമാനം നേടിയെടുത്തിട്ടുണ്ട്. പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട സെലെക്ഷൻ പ്രക്രിയ നടന്നുവരികയാണ്. നിലവിൽ ചില കേസുമായി ബന്ധപെട്ട് മെയ് 24 വരെ തടസം നിലനില്കുന്നതിനാൽ അതിനു ശേഷം മാത്രമേ തീരുമാനം ഉണ്ടാവൂ. പതിവ് രീതികൾക്ക് വിഭിന്നമായി പ്ലേഗ്രിസം പരിശോധനയുമായി കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് മുന്നോട്ടു പോയപ്പോൾ സംഘടന അതിൽ വേണ്ട ഇടപെടൽ നടത്തിയിട്ടുണ്ട്. ഡി.എ. വിഷയത്തിൽ വീണ്ടും സജീവ ഇടപെടൽ നടത്തുന്നതാണ്. യു.ജി.സി. മുന്നോട്ടു വയ്ക്കുന്ന നാലു വർഷ ബിരുദ പ്രോഗ്രാം, പുതിയ പി.എച്.ഡി. നിബന്ധനകൾ എന്നിവ സംബന്ധിച്ച് സംഘടനാനിലപാട് ഐഫക്റ്റോയെയും, യു.ജി.സി.യെയും അറിയിച്ചിട്ടുണ്ട്. ഈ മാസം 12 ന് ബിഹാറിൽ നടക്കുന്ന കോൺഫെഡറേഷന്റെ യോഗത്തിൽ സംഘടനയെ പ്രതിനിധീകരിച്ചു ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ് പങ്കെടുക്കുന്നതാണ്. ഈ മാസം 23, 24 തീയതികളിൽ പഞ്ചാബിലെ ജലന്ധറിൽ വച്ച് നടക്കുന്ന ഐഫക്റ്റോയുടെ നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ് , ഡോ.എൻ. മനോജ് എന്നിവർ പങ്കെടുക്കും. സമ്മേളന ഫണ്ട് മുഴുവൻ അംഗങ്ങളിൽ നിന്നും പിരിച്ചെടുക്കേണ്ട ചുമതല നമ്മുക്കുണ്ട്. അതിൽ ഒരു വിട്ടുവീഴ്ചയും ചെയ്യേണ്ട കാര്യമില്ല. ഇക്കാര്യത്തെ കുറിച്ചും ഇന്നത്തെ യോഗം ചർച്ച ചെയ്യേണ്ടതുണ്ട്. ഇക്കഴിഞ്ഞ സംസ്ഥാന സമ്മേളനത്തിന്റെ വരവ് ചെലവ് കണക്ക് സ്വാഗതസംഘം കൺവീനറും കോഴിക്കോട് ജില്ലാസെക്രട്ടറിയുമായ ഡോ.ദിനേശ് പി. കെ. അവതരിപ്പിക്കും. ഇതിന്മേലും വിശദമായ ചർച്ച നടത്തി അംഗീകരിക്കേണ്ടതുണ്ട്. സംഘടനയുടെ വിവിധ സബ്കമ്മിറ്റികൾ പുനഃസംഘടിപ്പിക്കേണ്ടതുണ്ട്. സബ്കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ സംസ്ഥാന സമിതിയുടെ കൃത്യമായ നിർദേശത്തിനും അനുമതിക്കും വിധേയമായിവേണം സംഘടിപ്പിക്കാൻ.

ജനറൽസെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് ജില്ലാസെക്രട്ടറിമാർ ജില്ലാറിപ്പോർട്ടിംഗ് നടത്തി. ജനറൽസെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടിൻമേലും മറ്റു വിഷയങ്ങളിലും സംസ്ഥാനപ്രവർത്തകസമിതിഅംഗങ്ങൾ വിശദമായ ചർച്ച നടത്തി. തുടർന്ന് ഓരോ അജണ്ടയും വിശദമായി ചർച്ച ചെയ്ത് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

**തീരുമാനങ്ങൾ**

1. എ.കെ.ജി.സി.ടി. അറുപത്തിനാലാം സംസ്ഥാനസമ്മേളനത്തിന്റെ കണക്ക് പ്രവർത്തകസമിതി അംഗീകരിച്ചു.

2. പ്രിൻസിപ്പാൾ നിയമനം നടത്താൻ വേണ്ട ഇടപെടൽ സംഘടന നടത്തും.
3. ലോ കോളേജ് അധ്യാപകരുടെ പ്രശ്നങ്ങളിൽ സംഘടന സജീവമായി ഇടപെടും.
4. പ്ലെയിസ്മെന്റിൽ കാലതാമസം ഒഴിവാക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ഓഫീസിൽ വേണ്ട ഇടപെടൽ നടത്തും.
5. അറബി അധ്യാപകരുടെ സർവീസ് സംബന്ധമായ വിഷയത്തിൽ ഇടപെടും.
6. ഏപ്രിൽ 15നു മുൻപ് സമ്മേളന ഫണ്ട് ബാക്കി ലഭിക്കാനുള്ളത് പിരിച്ചെടുക്കേണ്ടതാണ്.
7. സ്പാർക് വിഷയത്തിൽ വേണ്ട ഇടപെടൽ നടത്തും.
8. കോളേജ് അധ്യാപകർക്ക് ലഭിക്കേണ്ട ഡി.എ. വിഷയത്തിൽ സംഘടന വേണ്ട ഇടപെടൽ നടത്തും.
9. 2022-23 വർഷത്തെ സ്ഥലമാറ്റം സുഗമമായി നടത്താൻ വേണ്ട ഇടപെടൽ നടത്തും.
10. സംഘശബ്ദം എഡിറ്റോറിയൽ ബോർഡിന് അംഗീകാരം നൽകി
11. ഫിസിക്കൽ എഡ്യുക്കേഷൻ അധ്യാപകരുടെ പ്രൊഫസർഷിപ്പ്, പ്രിൻസിപ്പൽ നിയമന വിഷയത്തിൽ സജീവ ഇടപെടൽ നടത്തും.
12. മ്യൂസിക് കോളേജ് അധ്യാപകരുടെ യു.ജി.സി വിഷയത്തിൽ വേണ്ട ഇടപെടൽ നടത്തും.
13. വിരമിച്ച അധ്യാപകർക്ക് പ്രൊഫസർഷിപ്പ് ലഭിക്കുന്നതിന് വേണ്ട ഇടപെടൽ സർക്കാരിൽ നടത്തുന്നതാണ്.
14. സംഘടനയുടെ വെബ്സൈറ്റിന്റെ ചുമതല ഡോ. പ്രിൻസ് പി.ആറിന് നൽകി.
15. കാലിക്കറ്റ് സർവകലാശാല പി.എച്.ഡി. പ്രവേശനവുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ വൈസ്ചാൻസിലർക്കു കത്ത് നല്കാൻ തീരുമാനിച്ചു.
16. ടീച്ചിങ് ലേർണിംഗ് പ്രോസസ്സുമായി ബന്ധപ്പെട്ട് സെമിനാർ പരമ്പര സംഘടിപ്പിക്കുവാനും അതിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്തു വച്ച് നടത്തുവാനും തീരുമാനിച്ചു.
17. എ.കെ.ജി.സി.ടി. സർവീസ് സെൽ രൂപീകരിച്ചു.
    a. സെക്രെട്ടേറിയറ്റ് - പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, ട്രഷറർ, ഡോ. മാണിക്കരാജ്
    b. കോളേജ് വിദ്യാഭ്യാസ വകുപ്പ് - ഡോ. റോസ്നിക്സ്, ഡോ. ബി. അശോക്., ഡോ. ആനന്ദ് ദിലീപ് രാജ്, ഗായത്രി ദേവി
    c. എ.ജി. ഓഫീസ് (തിരുവനന്തപുരം) - ഡോ. റോസ്നിക്സ്, ഡോ. രാജേഷ്കുമാർ പി.
    d. എ.ജി. ഓഫീസ് (കോട്ടയം) - ഡോ. സെനോ ജോസ്., രഞ്ജിത് മോഹൻ;
    e. എ.ജി. ഓഫീസ് (കോഴിക്കോട്) - ഡോ. ദിനേശ് പി. കെ.
    f. സ്പാർക്ക് - ഡോ. മാണിക്കരാജ്, സൗമ്യ
    g. പി.എസ്.സി. - ഡോ. പ്രിൻസ് പി.ആർ.
    h. സർവ്വകലാശാലകൾ - ബന്ധപ്പെട്ട മേഖല സെക്രട്ടറിമാർ.

യോഗം ഉച്ചക്ക് 1.30ന് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
06-04-2022

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി